റവന്യൂ അദാലത്ത്

7(*95) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റവന്യൂ അദാലത്തുകൾ നടത്തിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് അദാലത്തുവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(സി) ഇത് നടപ്പിലാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ?

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്):

(എ) ഉണ്ട്.

(ബി) റവന്യൂ മന്ത്രിയുടെ നേതൃത്വത്തിൽ പൊതുജനങ്ങളിൽനിന്ന് പരാതികൾ നേരിട്ട് സ്വീകരിച്ചും പൂർണ്ണമായ പ്രശ്ന പരിഹാരത്തിന് വഴിയൊരുക്കുകയുമാണ് അദാലത്ത് വഴി ലക്ഷ്യമിട്ടിട്ടുള്ളത്. വർഷങ്ങളായോ മാസങ്ങളായോ പരിഹരിക്കപ്പെടാതെ കിടക്കുന്നതും എന്നാൽ നിയമക്കുരുക്കുകളിലോ കോടതി വ്യവഹാരങ്ങളിലോ ഉൾപ്പെടാത്തതുമായ പരാതികൾക്ക് അതിവേഗം പരിഹാരം കാണുകയും ജനങ്ങൾക്ക് മികച്ച സേവനം നൽകുകയുമാണ് അദാലത്തുകൊണ്ട് ഉദ്ദേശിക്കുന്നത്.

(സി) റവന്യൂ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ സംസ്ഥാനത്തെ 14 ജില്ലകളിൽ റവന്യൂ-സർവ്വേ അദാലത്ത് 8-1-2015 മുതൽ 27-2-2015 വരെ സംഘടിപ്പിക്കുകയും എൽ.ആർ.എം. (ലാന്റ് റെക്കോർഡ്സ് മാനേജ്മെന്റ്), സി.എം.ഡി.ആർ.എഫ്. (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി), എൻ.എഫ്.ബി.എസ്. (നാഷണൽ ഫാമിലി ബെനിഫിറ്റ് സ്കീം), പോക്കുവരവ്, അതിർത്തി നിർണ്ണയം, പട്ടയം, കെ. എൽ.യു (കേരള ലാന്റ് യൂട്ടിലൈസേഷൻ), പ്രകൃതിക്ഷോഭം തുടങ്ങിയവയുമായി ബന്ധപ്പെട്ട് റവന്യൂ-സർവ്വേ വകുപ്പുകളിൽ 31-10-2014 വരെ നിലവിലുണ്ടായിരുന്നതും 1-11-2014 മുതൽ 20-12-2014 വരെ ലഭിച്ചതുമായ 476377 അപേക്ഷകളിൽ 467515 അപേക്ഷകൾ തീർപ്പാക്കിയിട്ടുള്ളതും ബാക്കി അപേക്ഷകൾ തീർപ്പാക്കാനുള്ള നടപടികൾ ജില്ലാ കളക്ടർമാർ സ്വീകരിച്ചു വരുന്നതുമാണ്.

LIBRARY ARCHIVES Kerala Legislative Assembly